## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 514 — 24.10.2011-ൽ മറുപടിക്ക്

## ജലഗതാഗത വകുപ്പിന്റെ വെബ്സൈറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ.സി.കെ. സദാശിവൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തന മേഖല ടൂറിസം മേഖലയിലേക്കു കൂടി വ്യാപിപ്പിക്കുന്നത് വകുപ്പിന്റെ ലാഭകരമായ നടത്തിപ്പ് സാദ്ധ്യമാക്കുമെന്ന് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ലാഭകരമാക്കുക എന്ന ലക്ഷ്യത്തോടെ വിദേശ സഞ്ചാരികളെ ലക്ഷ്യമാക്കി കൊല്ലം-ആലപ്പുഴ റൂട്ടിൽ ആധുനിക സൗകര്യങ്ങളോടെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് ദിവസേന ടൂറിസ്റ്റ് സർവ്വീസ് നടത്തിവരുന്നു. ദിനംപ്രതി 6059/-രൂപ ശരാശരി വരുമാനമുള്ള ടി സർവ്വീസിൽ നിന്നും 9.2.2010 മുതൽ 31.5.2011 വരെ വകുപ്പിന് 47.14 ലക്ഷം രൂപ ലഭിച്ചിരുന്നു. തദ്ദേശീയരായ വിനോദ സഞ്ചാരികളെ കൂടി ലക്ഷ്യമിട്ടു കൊണ്ട് 'സീ- കുട്ടനാട്' എന്ന പേരിൽ 90 പാസഞ്ചർ കപ്പാസിറ്റിയുള്ള, അപ്പർ ഡെക്ക് സൗകര്യങ്ങളോടുകൂടിയ രണ്ട് ബോട്ടുകൾകൂടി ഉപയോഗിച്ച് പുതിയ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജലഗതാഗത വകുപ്പിന്റെ വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 8.2.2010 ലാണ് സംസ്ഥാന ജലഗതാഗത വകുപ്പ് വെബ്സൈറ്റ് ആരംഭിച്ചത്. ഈ വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (എൻ ഐ സി) അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ